# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.483/PR/PIC/PHQ/15 Date :27.07.2015

---

## ബ്ലെയ്ഡ് മാഫിയക്കെതിരെ നടപടി: രണ്ടുപേര്‍ അറസ്റ്റില്‍

അമിത പലിശക്കാര്‍ക്കും ബ്ലെയ്ഡ് മാഫിയക്കുമെതിരെയുള്ള നടപടികളുടെ ഭാഗമായി വ്യാഴാഴ്ച (23.07.2015) രാവിലെ ആറു മുതല്‍ തിങ്കളാഴ്ച രാവിലെ ആറു വരെ നടന്ന റെയ്ഡിലായി നാല് കേസുകള്‍ രജിസ്റ്റര്‍ ചെയ്തു. ഇതേതുടര്‍ന്ന് രണ്ടുപേര്‍ പോലീസ് പിടിയിലായി.

ഇതോടെ ഇതുവരെയായി അമിതപലിശക്കാര്‍ക്കെതിരെ 3169 കേസുകള്‍ ആകെ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്. 2114-പേര്‍ പിടിയിലായി. പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*************